# കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്

പനങ്ങാട്-682 506

നം. ജി.എ)4/2929/14 തീയതി, 08.08.18

## ലേല പരസ്യം

പനങ്ങാട് ഫിഷറീസ് സമുദ്ര പഠന സർവകലാശാലയുടെ ക്യാമ്പസ്സിൽ നിൽക്കുന്ന താഴെ പറയുന്ന മരങ്ങൾ ലേലത്തിൽ വച്ച് വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

1. തെങ്ങ് -10
2. താന്നി -1
3. പൈൻ -2

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാനതീയതിയും സമയവും: 17.08.18 രാവിലെ 11 മണി**

**ലേല തീയതിയും സമയവും : 17.08.18 രാവിലെ 11.30 മണി**

**തുറന്ന ലേലത്തിന് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതിയും സമയവും: 17.08.18 രാവിലെ 11.30 മണി**

തുറന്ന ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ അന്നേദിവസം പകൽ 11 മണിക്ക് മുൻപായി നിരതദ്രവ്യമായ 1000/- രൂപ യൂണിവേഴ്സിറ്റി എഞ്ചിനീയർ യെ ഏൽപ്പിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ അന്നേ ദിവസം പകൽ 11 മണിക്ക് മുൻപായി നിരതദ്രവ്യമായ 1000/- രൂപയും സീൽ ചെയ്ത ക്വട്ടേഷനും ടി ഓഫീസിൽ ഏൽപ്പിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. അന്നേ ദിവസം പകൽ 11.30 മണിക്ക് ക്വട്ടേഷൻ സമർപ്പിക്കുന്നവരെ പങ്കെടുപ്പിച്ചുകൊണ്ട് ലേലം നടത്തുന്നതും തുടർന്ന് ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്നതായിരിക്കും. ലേലത്തിലും ക്വട്ടേഷനിലും ഏതിലാണോ ഉയർന്ന തുക രേഖപ്പെടുത്തിയിരിക്കുന്നത്, ആ വ്യക്തിക്ക് ലേലം ഉറപ്പിച്ചു നൽകുന്നതായിരിക്കും.

ക്വട്ടേഷൻ/ലേലം സംബന്ധിച്ച അന്തിമ തീരുമാനം രജിസ്ട്രാർ, കുഫോസിൽ നിക്ഷിപ്തമായിരിക്കും. ലേലം ഉറപ്പിക്കുന്നതിനും പൂർണമായോ ഭാഗികമായോ നിരാകരിക്കുന്നതിനുള്ള അധികാരം രജിസ്ട്രാർ, കുഫോസിനു ഉണ്ടായിരിക്കും. ലേലത്തിൽ മതിയായ തുക ലഭിക്കാതിരുന്നാൽ പുനർലേലം/ക്വട്ടേഷൻ നടത്തുന്നതായിരിക്കും.

ലേലം ഉറപ്പിച്ച് ലഭിക്കുന്ന വ്യക്തി/ സ്ഥാപനം അന്നേ ദിവസം മൊത്തം ലേലത്തുകയുടെ 1/3 ഭാഗം അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക 7 ദിവസത്തിനകം അടച്ച് സർവകലാശാല ക്യാമ്പസ്സിൽ നിന്നും രജിസ്ട്രാറുടെ ഉത്തരവിൻ പ്രകാരം നീക്കം ചെയേണ്ടതുമാണ്.

തടി ക്യാമ്പസ്സിൽ നിന്നും മാറ്റുമ്പോൾ സർവകലാശാലയുടെ കീഴിലുള്ള സ്ഥാവര ജംഗമ വസ്തുക്കൾക്ക് കേടുപാടുകളോ നഷ്ടമോ വരുത്തുവാൻ പാടുള്ളതല്ല. അങ്ങിനെ സംഭവിച്ചാൽ നഷ്ടം ലേലക്കാരനിൽനിന്നും ഈടാക്കുന്നതായിരിക്കും. ലേലക്കാരൻ മരത്തിന്റെ കടഭാഗം ഉൾപ്പടെ കൊണ്ടുപോകേണ്ടതാണ്. മുകളിൽ നിഷ്കർഷിച്ചിരിക്കുന്ന കാര്യങ്ങൾ പൂർത്തിയായതിനുശേഷം മാത്രം നിരതദ്രവ്യം തിരിച്ചു നൽകുകയുള്ളൂ. ലേലം സംബന്ധിച്ച് നിലവിലുള്ള എല്ലാ കേരള സർക്കാർ / സർവകലാശാല ചട്ടങ്ങളും ഈ ലേലത്തിനും ബാധകമായിരിക്കും.

ഒപ്പ്

**രജിസ്ട്രാർ**

പകർപ്പുകൾ: നോട്ടീസ് ബോർഡ്/സി.സി.ഡി സി/ഫിനാൻസ് ഓഫീസർ/ കുമ്പളം പഞ്ചായത്ത്/ വില്ലജ് ഓഫീസുകൾ/ഫാം മാനേജർ/ സിസ്റ്റം മാനേജർ/സമീപത്തുള്ള തടിമില്ലുകൾ/ യൂണിവേഴ്സിറ്റി എഞ്ചിനീയർ/മിച്ചം